**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബിസിനസ് ആവശ്യങ്ങൾക്കുള്ള ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ എടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ; | (എ) | 50-ാംമത് ജി എസ് ടി കൗൺസിലിന്റെ ശിപാർശ അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് ചട്ടം 138F ഉൾപെടുത്തികൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം സി ജി.എസ്.ടി റൂളിലും 30-09-2023 ലെ എസ്. ആർ. ഓ 1062/2023 പ്രകാരം എസ് ജി എസ് ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ രണ്ടു ലക്ഷത്തിനു മുകളിൽ അതാതു സംസ്ഥാനങ്ങളിലെ , സെൻട്രലിന്റ്യും സ്റ്റേറ്റിന്റേയും നികുതി ഡിപ്പാർട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി എസ് ടി ചട്ടം 138എഫ് പ്രകാരം ഈ-വേ ബിൽ ബാധകമാകുന്ന രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.ആയതു വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക്സംസ്ഥാനത്ത് ടി കാര്യത്തിൽ ഇ വേ ബിൽ ബാധകമാകുന്നതാണ് |
| (ബി) | ഇ-വേ ബിൽ വേണമെന്ന ആവശ്യം കേരളം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നോ; കേരളത്തിന്റെ കൂടി ആവശ്യ പ്രകാരം ജി.എസ്.ടി. കൗൺസിൽ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതിയുടെ തലവൻ ആരായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | **നികുതി വെട്ടിപ്പ് സാധ്യത മുൻനിർത്തി സ്വർണത്തിന്റെ ചരക്ക നീക്കത്തിന് ഇ വേ ബിൽ ബാധകമാക്കണമെന്നു കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി എസ് ടി കൗൺസിലിൽ ആവശ്യം ഉന്നയിച്ചിരുന്നു. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നു മന്ത്രിതല സമിതിയുടെ തലവൻ.** |

| | | | |
|---|---|---|---|
| (സി) | ആ സമിതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള ബിസിനസ് ആവശ്യത്തിന് 2 ലക്ഷം രൂപ വരുന്ന സ്വർണ്ണ ഇടപാട്ടുകൾക്ക് ഇ-വേ ബിൽ നിഷ്കർഷിച്ച് വിജ്ഞാപനം ഇറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | **എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം ജി.എസ്.ടി കൗൺസിൽ അതിന്റെ അൻപതാമത് യോഗത്തിൽ ശിപാർശ ചെയ്യുകയും അതനുസരിച്ച് കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം ജി.എസ്.ടി ചട്ടം 138 എഫ് രൂപീകരിക്കുകയും ചെയ്തു. അതിനനുസൃതമായ ചട്ട ഭേദഗതി സംസ്ഥാന ചരക്ക സേവന നികുതി ചട്ടങ്ങളിലും 30-09-2023 ലെ എസ്. ആർ. ഓ 1062/2023 പ്രകാരം വരുത്തിയിട്ടുണ്ട് .**<br><br>**ഈ ഭേദഗതി അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ രണ്ടു ലക്ഷത്തിനു മുകളിൽ അതതു സംസ്ഥാനങ്ങളിലെ CGST, SGST വകുപ്പുകൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മൂല്യം വരുന്ന ഇടപാട്ടുകൾക്ക് ഇ-വേ ബിൽ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി എസ് ടി ചട്ടം 138എഫ് പ്രകാരം ഈ-വേ ബിൽ ബാധകമായ തുകയുടെ രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ